Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്



ദൈവത്തിന്റെ വചനം

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
| --- | --- | --- | --- | --- |
| 2 തിമൊ. 3:16 | മത്തായി 28:18 | യെശ. 62:2 | പ്രവൃത്തികൾ | റോമർ 10:17 |
| 2 പത്രൊ. 1:3 | പ്രവൃത്തികൾ | പ്രവൃത്തികൾ | 2:38 | എബ്രാ. 11:6 |
| 2 യോഹ. 9 | 3:22, 23 | 11:26; 4:12 | 1 പത്രൊ. 3:21 | 11:31 |
| (X) എന്തുകൊണ്ട്? | (X) എന്തുകൊണ്ട്? | (X) എന്തുകൊണ്ട്? | (X) എന്തുകൊണ്ട്? | (X) എന്തുകൊണ്ട്? |
| മത്തായി 15:9 | ഗലാ. 1:6–8 | യാക്കൊ. 2:7 | പ്രവൃത്തികൾ 22:16 | മത്തായി 10:32 |
| ഗലാ. 1:10 | എഫെ. 1:22, 23 | 1 പത്രൊ. 4:16 | റോമർ 6:4–6 | ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **March2012** **No.12**

# എഡിറ്റോറിയൽ

ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ എന്നിവ ലോകത്തിൽ പലരാജ്യങ്ങളിലും നടക്കുന്നുണ്ട്. ചില രാജ്യങ്ങളിൽ ഇതിന് പ്രത്യേക കാലമുണ്ട്. ഇത്തരം ആഘോഷങ്ങളും ഉത്സവങ്ങളും എന്തുദ്ദേശത്തോടെയാണ് നടത്തുന്നത് എന്ന് ചോദിക്കുമ്പോഴാണ് അതിന് വ്യത്യസ്തമായ ഉത്തരങ്ങൾ ലഭിക്കുന്നത്. മനുഷ്യ ചരിത്രം പരിശോധിച്ചാൽ, തങ്ങളുടെ ഇച്ഛക്കനുസരിച്ച് ആഹ്ലാദിക്കുവാൻ അവർ ഓരോ മാർഗ്ഗം അവലംബിച്ചിരുന്നതായി കാണാം. എല്ലായിപ്പോഴും ആളുകൾ തങ്ങൾക്ക് രസപ്രദവും ഇമ്പം ജനിപ്പിക്കുന്നതും ആയ കാര്യങ്ങളിൽ ഏർപ്പെടുന്നു. ഇങ്ങനെ മനുഷ്യർക്ക് ലഭിക്കുന്ന സന്തോഷം താൽക്കാലികമാണ്. ഭൗതിക ലോകത്തിൽ ജീവിക്കുന്ന മനുഷ്യൻ പലപ്പോഴും ഭൗതികമായിത്തന്നെ ചിന്തിക്കുന്നു. അതുകൊണ്ടാണ് അവർ ഇപ്രകാരം സന്തോഷം കണ്ടെത്തുന്നത്.

കാണുന്ന ഒന്നിലുമല്ല നാം സന്തോഷിക്കേണ്ടത്. കാണുന്നതെല്ലാം നശിച്ചു പോകുന്നതാണ്. നിലനിൽക്കുന്നതോ ആത്മീയമായവയാണ്. നാം ജഡത്തിൽ ജീവിക്കുമ്പോൾ ജഡാഭിലാഷം നമ്മിൽ നിവർത്തിക്കുവാൻ താൽപര്യം കാണിക്കും. ആത്മാഭിലാഷം ആണ് നാം നിവർത്തിക്കേണ്ടത്. ദൈവം എല്ലാ മനുഷ്യരിൽ നിന്നും പ്രതീക്ഷിക്കുന്നത് അതാണ്. ഭൂരിഭാഗം പേരും ആത്മീയമായി അജ്ഞരായതുകൊണ്ട്, അവർ ജഡത്തിന് വിധേയരായി തീരുന്നു. മതപരമായി ആളുകളെ കൂടുതൽ ആകർഷിപ്പിക്കുന്നത് ഇത്തരം ബാഹ്യമായ

ആഘോഷങ്ങളാണ്. എന്നാൽ അവയ്ക്കൊന്നും മനുഷ്യരിൽ മാറ്റം വരുത്തുവാൻ കഴിയുന്നില്ല. നമ്മിൽ മാറ്റം വരുത്തുവാൻ സത്യത്തിനു മാത്രമേ കഴിയുകയുള്ളു. നമ്മുടെ ചിന്തകളും വിചാരങ്ങളും ശരിയായ കാഴ്ചപ്പാടിലല്ലെങ്കിൽ നാം ചെയ്യുന്ന പ്രവൃത്തികൾക്ക് തക്കതായ ഫലം ലഭിക്കയില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ, ചെയ്യുന്ന പ്രവൃത്തികൾ യോഗ്യമാണോ അല്ലയോ എന്ന് പരിശോധിക്കും.

പാരമ്പര്യവും മനുഷ്യരിൽ നിന്ന് ഉളവാകുന്ന ആശയ ഗതികളും ദൈവേഷ്ടത്തിന് വിരുദ്ധമായി മാറുമ്പോൾ ദൈവം പ്രസാദിക്കുന്നതിനു പകരം അവന്റെ കോപമായിരിക്കും ഫലം. ക്ഷേത്രങ്ങളിലും, പള്ളികളിലും അല്ലാതെയും നടന്നുകൊണ്ടിരിക്കുന്ന കൂത്തുകാഴ്ചകൾ പ്രയോജനമില്ലെന്നു മാത്രമല്ല, പല ജീവകാരുണ്യപ്രവർത്തനങ്ങൾക്കു ഉപയോഗിക്കാവുന്ന സംഖ്യകൾ പാഴാക്കിക്കളയുന്നു. കോടിക്കണക്കിന് രൂപ ചെലവാക്കി ക്ഷേത്രങ്ങളും പള്ളികളും ഉണ്ടാക്കുന്നവർ സാമൂഹ്യ നന്മയെ ആക്ഷേപിക്കുന്നവരാണ്. നമ്മുടെ സാമാന്യ ബുദ്ധി അനുസരിച്ച് ചിന്തിച്ചാൽ പോലും ദൈവം അത്തരം പ്രവൃത്തികൾ ഇഷ്ടപ്പെടുന്നില്ല എന്ന് മനസിലാക്കാം.

സമൂഹത്തിൽ നമുക്കുള്ള ഉത്തരവാദിത്വം നാം നിറവേറ്റണം. ഓരോരുത്തൻ ദൈവത്തിന് കണക്കു കൊടുക്കേണ്ടതാണ്. അതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും സാദ്ധ്യമല്ല. ആകയാൽ നാം ആത്മാക്കളുടെ രക്ഷക്കും ദൈവനാമ മഹത്വത്തിനുമായി ജീവിക്കണം. ഈ ലോക ജീവിതം ശാശ്വതമല്ല. അതുകൊണ്ട് നിലനിൽക്കുന്ന സന്തോഷത്തിനായി പ്രവർത്തിക്കണം. ആ സന്തോഷം ലഭിക്കേണ്ടതിന് യേശുക്രിസ്തുവിന്റെ കല്പനകൾ അനുസരിച്ച് രക്ഷപ്രാപിക്കുമ്പോൾ അവൻ നമ്മെ തന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കും. അവന്റെ രാജ്യമാകുന്ന സഭയിലാണ് ശരിയായ സന്തോഷം ലഭിക്കുന്നത്. പാപം മനുഷ്യരിലുള്ള കാലത്തോളം അവർക്ക് നിലനിൽക്കുന്ന സന്തോഷം ലഭിക്കുകയില്ല. നിങ്ങൾക്ക് ആ സന്തോഷം ലഭിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ ദൈവത്തിനും അവന്റെ വചനത്തിനും കീഴ്പ്പെടുക, പാപമോചനം പ്രാപിക്കുക.

✶

# ഇപ്പോഴാകുന്നു രക്ഷാ ദിവസം

## J.C. ചോട്ട്

ബൈബിളിൽ "ഇന്ന് ആകുന്നു രക്ഷാദിവസം" എന്നു പറയുമ്പോൾ ചില ആളുകൾ പഠിപ്പിക്കുന്നതു സ്നാനത്തോടുള്ള അനുസരണം നീട്ടിവെക്കാമെന്നാണ്. ഇതു ശരിയായ ഉപദേശമാണോ?

ബൈബിൾ പ്രബോധിപ്പിക്കുന്നതു തീർച്ചയായും "ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം (2 കൊരിന്ത്യർ 6:2). ദിവസം എന്നു പറയുമ്പോൾ അക്ഷരികമായ ഇപ്പോഴത്തെ ദിവസത്തെയോ അല്ലെങ്കിൽ ഒരാൾ ജീവിക്കുന്ന കാലയളവിനെയോ സൂചിപ്പിക്കുന്നതാണ് എന്ന് ഒരാൾ ചിന്തിച്ചേക്കാം. അതേ സമയത്തു വചനം മറ്റൊന്നു കൂടെ പഠിപ്പിക്കുന്നുണ്ട്; നമ്മുടെ രക്ഷയെ നാം അവഗണിക്കരുതു എന്നാണ് അതു (എബ്രായർ 2:2). ഈ തത്വം ക്രിസ്തുവിനും നമുക്കും ബാധകമായ രീതിയിൽ സംസാരിക്കുന്നുണ്ട്: "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു"(യോഹന്നാൻ 9:4).

ഒരാൾ പാപത്തിൽ ആയിരിക്കുമ്പോൾ, നഷ്ടപ്പെട്ടവനാകുമ്പോൾ, പ്രത്യാശയില്ലാത്ത അവസ്ഥയിൽ ദൈവത്തിന്റെ രക്ഷക്കുള്ള സത്യം എന്താണെന്നു മനസിലാക്കി കഴിഞ്ഞിട്ടും തന്റെ രക്ഷയെ ഒരാൾ നീട്ടിക്കൊണ്ടു പോകുന്നതു എന്തിന്? ഭൗതികമായ ഏതെങ്കിലും ഒരു നല്ല കാര്യം അനുകൂലമായി കിട്ടിയാൽ അതു പിന്നീട് ആകട്ടെ എന്നു പറഞ്ഞ് ആരെങ്കിലും നീട്ടിവെക്കുമോ? ദൈവത്തിലും തന്റെ പുത്രനിലും ഒരാൾ ഇപ്പോൾ തന്നെ വിശ്വസിക്കണം (യോഹന്നാൻ 8:24). തന്റെ രക്ഷയെ കുറിച്ചു ഗൗരവമായി ചിന്തിച്ചു മനസിലാക്കിയ ഒരാൾ, തന്നെ നശിപ്പിക്കുന്ന പാപത്തിൽ നിന്നും തിരിയേണ്ടതു ആവശ്യമാണ്. അവൻ അതു ഇപ്പോൾ തന്നെ ചെയ്യേണം (റോമർ 6:23; പ്രവൃത്തി 2:38). ഒരാൾ ക്രിസ്തുവിനെ വിശ്വസിക്കുകയാണെങ്കിൽ അവൻ ദൈവപുത്രനാണെന്ന് ഏറ്റുപറവാൻ എന്തിനു മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റിവെക്കണം? (മത്തായി 10:32,33). അതുപോലെ തന്നെ സുവിശേഷത്തിൽ പഠിപ്പിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാം ഗ്രഹിച്ച വ്യക്തി പാപമോചനത്തിനായുള്ള

മുങ്ങൽ സ്നാനം രക്ഷക്കു അത്യന്താപേക്ഷിതമാണെന്ന് ഗ്രഹിച്ചു കഴിഞ്ഞാൽ ഉടനെ തന്റെ വിശ്വാസം അനുസരണത്തിൽ പൂർത്തിയാക്കണം (മർക്കൊ. 16:15,16). ഇപ്പോൾ കർത്താവിനെ അനുസരിക്കുന്നതിനേക്കാൾ നല്ല ഒരു സമയം മറ്റെപ്പോഴാണ് ? നിത്യജീവന്റെ പ്രത്യാശയും പാപമോചനവും രക്ഷയും ഇപ്പോൾ സാദ്ധ്യമായിരിക്കെ ആരാണ് അതു നീട്ടിവെക്കുന്നത്?

സത്യം കേട്ടു കഴിഞ്ഞപ്പോൾ ഉടനെ കർത്താവിനെ അനുസരിക്കുന്ന ഉദാഹരണങ്ങൾ നമ്മെ വേദപുസ്തകം ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവരാരും മറ്റൊരവസരത്തിൽ ആകട്ടെ എന്നു പറഞ്ഞ് മാറ്റി നിർത്തിയില്ല. എത്യോപ്യക്കാരനായ ഷണ്ഡനെ ഫിലിപ്പൊസ് സുവിശേഷം അറിയിച്ചു. അവൻ ക്രിസ്തുവിനെ കുറിച്ചാണ് പ്രസംഗിച്ചതു; അതിൽ സ്നാനവും അടങ്ങിയിരിക്കുന്നു. അതു രക്ഷക്കായി കർത്താവ് ആവശ്യപ്പെട്ടിട്ടുള്ളതുമാകുന്നു. അങ്ങനെ അവർ തേരിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ ഫിലിപ്പൊസിനോട്: "ഇതാ വെള്ളം എനിക്കു സ്നാനമേൽക്കുവാൻ എന്താണ് വിരോധം" എന്നു ചോദിച്ചു. അതിനു ഫിലിപ്പോസ്, "നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം" എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കൽപിച്ചു. ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി. അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തു കൊണ്ടുപോയി. ഷണ്ഡൻ അവനെ പിന്നെ കണ്ടില്ല. അവൻ സന്തോഷിച്ചുകൊണ്ടു തന്റെ വഴിക്കുപോയി (പ്രവൃത്തി 8:36-39).

പിന്നെ ലുദിയയുടേയും കുടുംബത്തിന്റേയും ഉദാഹരണം അപ്പൊസ്തല പ്രവൃത്തികൾ 16-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. കാരാഗൃഹപ്രമാണിയുടെ അനുസരണമാതൃകയും അതേ അദ്ധ്യായത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. രേഖകൾ വിവരിക്കുന്നതു: വചനം കേട്ടപ്പോൾ കർത്താവ് അവളുടെ ഹൃദയം തുറന്നു. അവളും കുടുംബവും സ്നാനമേറ്റു. എപ്പോഴാണ്? വചനം കേട്ടപ്പോൾ, കൂടാതെ പൗലോസും ശീലാസും അത്ഭുതകരമായി കാരാ

ഗൃഹത്തിൽ നിന്നു രക്ഷപ്പെട്ടപ്പോൾ കാരാഗൃഹപ്രമാണി തന്റെ ജീവൻ ഒടുക്കിക്കളവാൻ ശ്രമിക്കയാണ്; നമുക്കു ആ ഭാഗം വായിക്കാം. അപ്പോൾ പൗലോസ്; നിനക്കു ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. അവൻ വെളിച്ചം ചോദിച്ച് അകത്തേക്ക് ചാടി വിറെച്ചുംകൊണ്ടു പൗലോസിന്റെയും ശീലാസിന്റെയും മുൻപിൽ നിന്നു. അവരെ പുറത്തുകൊണ്ടു വന്നു. യജമാനന്മാരെ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു. പിന്നെ അവൻ രാത്രിയിൽ ആ നാഴികയിൽ തന്നെ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു (പ്രവൃത്തി.16: 28-33). സുവിശേഷം കേട്ടാൽ ആരും തന്നെ സ്നാനപ്പെടുവാൻ അടുത്ത ആഴ്ചയാകട്ടെ, അടുത്ത മാസമാകട്ടെ; അല്ലെങ്കിൽ മറ്റൊരു സമയത്താകട്ടെ എന്നു പറഞ്ഞതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല; മറിച്ച് അവർ ഉടനെ സ്നാനം ഏറ്റ തെളിവുകൾ ആണ് ഉള്ളതു.

ഒരാൾ സുവിശേഷം കേൾക്കുകയോ തിരുവെഴുത്തിൽ നിന്നു വായിക്കുകയോ ചെയ്തു അതിനെ കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരാളാണെങ്കിൽ, അയാൾ ചെയ്യേണ്ടതു എല്ലാം മനസിലാക്കിയിട്ടുണ്ടോ എന്നറിയാൻ ചോദ്യം ചെയ്യുന്നതു വാസ്തവമാണ്. ഏതു കാര്യവും സ്ഥിരീകരിക്കേണ്ടതു അനിവാര്യമാണ്. ഏതെങ്കിലും ഭാഗം അയാൾക്കു തീർച്ചയില്ലെങ്കിൽ ആ വ്യക്തിക്കു കുറെകൂടെ പഠനം ആവശ്യമാണ്. സ്നാനപ്പെടുന്നതിനു മുൻപ് പ്രബോധനങ്ങൾ വെളിപ്പെടുത്തിയിരിക്കണം. ശരിയായ ഉപദേശം കൂടാതെ സുവിശേഷത്തിന്റെ ശരിയായ ഫലം കിട്ടുകയില്ല. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ പഠിപ്പിക്കണം.

ഒരാൾ മറ്റൊരാളെ സുവിശേഷം അറിയിക്കുമ്പോൾ, സുവിശേഷം വാസ്തവത്തിൽ എന്താണെന്ന് അയാൾക്കു വ്യക്തമായി മനസിലാക്കിയാൽ രക്ഷിക്കപ്പെടുവാനുള്ള കല്പനകൾ എല്ലാം അനുസരിക്കേണ്ട ബാദ്ധ്യത അയാൾക്കുണ്ട്. അതിനുശേഷം സുവിശേഷകൻ അയാളെ സ്നാനപ്പെടുത്തുവാൻ മതിയായത്ര വെള്ളമുള്ള

സ്ഥലത്തേക്കു ആനയിക്കണം. അങ്ങനെ അയാളെ യേശുക്രിസ്തു വിന്റെ നാമത്തിൽ പാപ മോചനത്തിനായി സ്നാനം ഏല്പിക്കണം. അതു യേശുക്രിസ്തുവിന്റെ നാമത്തിൽ മുങ്ങൽ സ്നാനവും ആയി രിക്കണം. സുവിശേഷം പ്രസ്താവിക്കുന്ന വ്യക്തി അവരെ സ്നാന പ്പെടുത്തുവാൻ പരിചയമുള്ള ഒരാളെ കണ്ടെത്തണം. ആ വ്യക്തി സുവിശേഷം അനുസരിക്കുന്നതു ഒരു കാരണവശാലും നീട്ടിവെ ക്കരുതു. സ്നാനപ്പെടുത്തുവാൻ ആളില്ലെന്നോ സമയമില്ലെന്നോ ഉള്ള ഒഴിവ് കഴിവ് തടസമായി തീരരുത്. ഒരു പ്രത്യേക സുവിശേഷ കനോ ഉപദേഷ്ടാവോ എത്തുന്നതുവരെ മാസങ്ങളോളമോ, ആഴ്ച്ച കളോളമോ നീട്ടിവെക്കുന്ന രീതിയും അപകടകരമാണ്. വചനവിരു ദ്ധവുമാണ്. രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ആൾ ദൈവത്തെ ഇപ്പോഴാണ്, ഇന്നാണ് ദൈവത്തെ അനുസരിക്കേണ്ടത്. അതിൽ ക്രിസ്തു പഠിപ്പിച്ച വെള്ളത്തിൽ അടക്കമാകുന്ന സ്നാനവും ഉൾപ്പെ ട്ടിരിക്കുന്നു(മർക്കൊസ് 16: 16). അനാവശ്യമായ വൈകലിൽ, വൈകി ക്കലിൽ ദൈവം പ്രസാദിക്കുന്നില്ല.

താമസിപ്പിക്കുന്നതു കൊണ്ടു മറ്റൊരു പ്രശ്നം ഉള്ളതു എന്തെ ന്നാൽ അയാൾ അതു വളരെക്കാലത്തേക്കു നിട്ടിക്കൊണ്ടു പോകാൻ സാദ്ധ്യതയുണ്ട്. മറ്റുള്ളവരുടെ പ്രേരണയാൽ ഉത്സാഹം നഷ്ടപ്പെ ടും. അല്ലെങ്കിൽ പെട്ടെന്ന് മരിച്ചുപോകും. സുവിശേഷം അനുസരി ക്കുവാനും സ്നാനം ഏൽക്കുവാനും തീരുമാനം എടുത്തു നീട്ടി വെച്ച അനേകം ആളുകൾക്കു അതിനുള്ള അവസരം ലഭിക്കാതെ മരണപ്പെട്ടുപോയ സംഭവങ്ങൾ വളരെയുണ്ട്. പിന്നീടാകട്ടെ എന്ന തോന്നൽ പിന്നെ ഒരിക്കലും നടക്കാതെ വന്നാൽ എത്ര ഖേദകര മാവും അതു എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇത്ര വലിയ രക്ഷ, നിസാരമായ കാരണങ്ങളാൽ താമസിപ്പിച്ചതുകൊണ്ട് നഷ്ടപ്പെട്ടാൽ അതെത്ര ലജ്ജാകരമാണ്. ആഗ്രഹമുണ്ടായിരുന്നു. തീരുമാനമെടു ത്തതാണ്. പക്ഷെ വൈകിപ്പോയാൽ നമ്മുടെ സൗകര്യത്തിനു വേണ്ടി സമയം കാത്തു നിൽക്കയില്ല.

നമ്മുടെ ഉപേക്ഷകൊണ്ട് നഷ്ടപ്പെടുത്തുന്ന അനേകം കാര്യ ങ്ങൾ ഭൗതികമായി എടുത്തു കാണിക്കാൻ കഴിയും. ആത്മീയമായ ഉപേക്ഷ നിത്യമായ ദുഃഖത്തിനിരയായി തീരും. പെട്ടെന്നായിരിക്കും നഷ്ടപ്പെടുന്ന സാഹചര്യം കടന്നു വരുന്നത്. നാം എപ്പോഴും ഓർമ്മി

ക്കേണ്ട കാര്യമാണ് രക്ഷ. ആത്മാവിന്റെ മോചനം നാം ദൈവ നിയമം അനുസരിച്ച് ദൈവ കരങ്ങളിൽ ഏൽപ്പിക്കണം. ഇപ്പോഴാണ് രക്ഷാ ദിവസം; ഇപ്പോഴാകുന്നു നല്ല സമയം, ഇപ്പോഴാകുന്നു സൗകര്യ മുള്ള സമയം. പിന്നെ എന്തു സംഭവിക്കും എന്നു മനുഷ്യർക്കു ആർക്കും അറിഞ്ഞുകൂടാ. ഇന്നു തന്നെ നിങ്ങൾ സുവിശേഷം അനു സരിക്കും എന്നാണ് എന്റെ പ്രതിക്ഷ.

## പാപത്തിന്റെ ഫലങ്ങൾ

**ആർ. എൽ. റഫ്നർ**

അമേരിക്കയിലെ അറിയപ്പെടുന്ന ഒരു നാമധേയവിഭാഗത്തിന്റെ കമ്മിറ്റി അംഗീകരിച്ച പ്രമേയ വിവരണം ശ്രദ്ധേയമാണ്. സ്വവർഗ്ഗ ഭോഗികളായവരേയും ഭിന്നലിംഗത്തിൽ പെട്ടവരും അവിവാഹിത രുമായ ദമ്പതികളായവരേയും സ്വീകരിക്കുന്ന ഒന്നായിരുന്നു അതു. ആ വിഭാഗത്തിലെ യാഥാസ്ഥിതികരായ ആളുകൾ അതിനെ എതിർത്തു എന്നു പറയേണ്ട ആവശ്യമില്ല. വർത്തമാന പേപ്പറുക ളിൽ പാപത്തെ ഒഴിവാക്കിക്കൊണ്ടുള്ള പരസ്യവും വന്നു. അതു ദേശം മുഴുവൻ അറിയപ്പെട്ടു. ദൈവഭക്തിയുള്ള മാന്യരായ ആ വിഭാഗത്തിലെ ആളുകൾ അതിനെ കരുതിക്കൂട്ടിയുള്ള ദ്രോഹമായി കണ്ടു. വാസ്തവത്തിൽ അതു അങ്ങനെ തന്നയാണ്. സ്വവർഗ്ഗഭോ ഗത്തിലും അവിവാഹിത ലൈംഗീക ബന്ധത്തിലും ദൈവം സംപ്രീ തനല്ല എന്നു തന്റെ വചനത്തിൽ ദൈവം വ്യക്തമാക്കിയിട്ടുണ്ട്(ലേ വ്യ. 18:22,23; റോമർ 1:21-32; 1കൊരി. 6:9,10,18; എബ്രായർ 13:4).

ഈ നാമധേയ വിഭാഗത്തിന് അവരുടെ പൊതു സമ്മേളനങ്ങ ളിൽ ഈ റിപ്പോർട്ട് സമീപഭാവിയിൽ എടുത്തു പറയുവാനായില്ല എന്നു നമുക്ക് അനുമാനിക്കാം. മനുഷ്യനിർമ്മിതമായ ഒരു വിഭാഗ ത്തിലും അങ്ങനെ ചെയ്യുമെന്നു തോന്നുന്നില്ല. ദൈവം പറഞ്ഞിരി ക്കുന്നതു വായിക്കാം. "ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. അതു

ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസം കൊണ്ടു മൂടുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിനു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ (മലാഖി 2:16). അതേ ദൈവം അപ്പോസ്തലനായ പൗലോസിൽകൂടെ അരുളിചെയ്തതു, സഹോദരന്മാരെ നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു എന്നത്രെ (1കൊരി. 1:10). ദൈവത്തിനു അനേകം സഭകൾ വേണമെന്ന് ആഗ്രഹമില്ല; ഒരു ശരീരം മാത്രം (മത്തായി 16:18; എഫെസ്യർ 4:4). ബഹുഭാഷ പ്രയോഗത്താൽ മതപരമായി കലക്കം ഉണ്ടാക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നില്ല. വൈരുദ്ധ്യത്തിൽ ഏകത്വം എന്ന നയമാണ് നാമധേയവിഭാഗങ്ങൾക്കുള്ളതു. ഇതിനു വിപരീതമായി യേശുക്രിസ്തു ഏവരുടേയും ഐക്യതക്കുവേണ്ടിയാണ് പ്രാർത്ഥിച്ചതും പ്രവർത്തിച്ചതും(യോഹന്നാൻ 17:20-21).

പുതിയ നിയമസഭയുടെ ഇടവകകൾക്ക് സ്വയം ഭരണാവകാശം നല്കപ്പെട്ടതുകൊണ്ട് ഞാൻ ദൈവത്തോടു നന്ദിയുള്ളവനാണ്. ഒരു ഇടവകമേൽ മറ്റൊരു ഇടവകക്കു വചനപ്രകാരം യാതൊരു അധികാരവുമില്ല, എന്നാലും സ്നേഹത്താൽ ഉപദേശപരമായ കാര്യങ്ങളിൽ വേണ്ടനിർദ്ദേശം കൊടുക്കുവാനും തിരുത്തുവാനും ശ്രമിക്കുന്നതു കുറ്റകരമല്ല. വിശ്വാസത്തിൽ നിന്നു തെറ്റിപ്പോകുന്ന ഇടവകയുമായി ബന്ധപ്പെടാതിരിക്കുന്നതും ആവശ്യമെങ്കിൽ ആകാം (റോമർ 16:17). അപ്രകാരമാണ് ഒരു ഇടവകയിലെ വിശ്വാസത്യാഗം മറ്റു ഇടവകകളിലേക്കു വ്യാപിക്കാതെ കർത്താവ് സൂക്ഷിക്കുന്നതു. സഭയുടെ വിശുദ്ധിക്കു ഇതു അനിവാര്യമാകുന്നു(1കൊരി. 11:18,19).

ഭൂരിഭാഗം ആളുകളുടെയും കാഴ്ച്ചപ്പാടിൽ ഏതൊരു നാമധേയവിഭാഗത്തിന്റേയും ആരംഭം ഉപദ്രവരഹിതമാണ്. കൂടിക്കുഴഞ്ഞ ഉപദേശങ്ങൾ അടങ്ങുന്ന മതപരമായ ഏതെങ്കിലും അദ്ധ്യക്ഷൻ പുതിയ നിയമത്തിനു അന്യമായ ഉപദേശങ്ങൾ അടിച്ചേൽപിക്കും. വീണ്ടും പുതിയ നിയമത്തിനെതിരായ ചില സ്വയംഭരണാവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നു. പിന്നീട് അവരും പുതിയ നിയമത്തിൽ ഇല്ലാത്ത

നിയമാവലികൾ എഴുതിയുണ്ടാക്കി ആളുകളെ അനുസരിപ്പിക്കുന്നു. ഒരു പക്ഷെ അവരുടെ കമ്മിറ്റി മീറ്റിങ്ങിലായിരിക്കും ഇതുപോലുള്ള നിയമങ്ങൾ കൊണ്ടു വരുന്നതും പാസാക്കുന്നതും. തുടർന്നു ഉദ്യോഗസ്ഥമേധാവിത്വമായിരിക്കും നടമാടുന്നതു. പ്രാദേശികസഭകൾ എവിടെയെല്ലാം ആരംഭിക്കുന്നുവോ അവരിലെല്ലാം നിയന്ത്രണം ഏർപ്പെടുത്തുന്ന ഭരണസംവിധാനമാണ് കാണപ്പെടുന്നതു. അവരുടെ ന്യായീകരണം അതെല്ലാം നല്ലതിനാണ് എന്നാണ്. പക്ഷെ ദൈവവ്യവസ്ഥക്കു വിപരീതമായ നന്മ ഒന്നുമില്ല.

പടിപടിയായി ഇത്തരം മാറ്റങ്ങൾകൊണ്ടുണ്ടാവുന്ന ദൂഷ്യഫലങ്ങൾ വലുതാണ്. ക്രമേണ ഇവരുടെ നേതൃത്വം ആധുനീകവും ലൗകീകവുമായി മാറുന്നു എന്നതാണ് പരമാർത്ഥം. സാധാരണക്കാർക്കു ഉണ്ടാകേണ്ട ആശയത്തിൽ നിന്നു വിശ്വാസത്തിൽ നിന്നുപോലും അവരെ അകറ്റികളയുന്ന മനുഷ്യബുദ്ധിയാൽ മെനഞ്ഞെടുക്കുന്ന ഭരണവ്യവസ്ഥയെ കണ്ടില്ലെന്നു നടിക്കുന്നതു ഖേദകരമാണ്. ധാർമ്മികമായ കാര്യങ്ങളിൽ ബൈബിളിനു എതിരായ നിലവാരം സ്വീകരിക്കുന്നു എന്നതാണ് നാമധേയ വിഭാഗങ്ങളുടെ പാപത്തിന്റെ ഫലങ്ങളിൽ ഒന്ന്. സമൂഹം ഇന്ന് നീർച്ചുഴിയിൽ പെട്ട് മുങ്ങിക്കൊണ്ടിരിക്കയാണ്.

മുകളിൽ വിവരിച്ച റിപ്പോർട്ട് പാപത്തിന്റെ ഫലമുളവാക്കുന്നു എന്ന സത്യം നമ്മുടെ ചുറ്റും വസിക്കുന്ന നാമധേയവിഭാഗങ്ങളിലെ സ്നേഹിതന്മാർക്കു കാണിച്ചു കൊടുക്കണം. ഈ പാപം അവർ സമ്മതിക്കുന്നുവെങ്കിൽ മറ്റു തെറ്റുകളും അവർക്കു ബോധ്യം വന്നേക്കാം. ശിശു സ്നാനം, കർത്തൃമേശ എന്നീ കാര്യങ്ങളെല്ലാം പിന്നീടു അവർക്കു മനസിലാക്കികൊടുക്കാം. ഒരു പക്ഷെ അവരെ പുതിയ നിയമത്തിലെ ലളിതമായ കാര്യങ്ങൾ പഠിപ്പിക്കുവാനും അവർ അതു അനുസരിക്കുവാനും ഇടയുണ്ട്. പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ മഹത്വം അവർക്കും ലഭിപ്പാൻ ഇടയാകും. മനുഷ്യനിർമ്മിതമായ ഉപദേശങ്ങളിൽ നിന്നും വിശ്വാസ പ്രമാണങ്ങളിൽ നിന്നും അവർക്കു സ്വാതന്ത്ര്യം നേടുവാൻ അങ്ങനെ കഴിയും. യേശുക്രിസ്തുവിന്റെ രക്തം അവരെ രക്ഷിക്കയും ശുദ്ധീകരിക്കയും ചെയ്യട്ടെ.

ഈ ലോകത്തുള്ള ഏതൊരു മനുഷ്യനും ദൈവവഴിയിലേക്കു

തിരിച്ചു വരുവാൻ ദൈവം കാത്തിരിക്കുകയാണ്. നമുക്കു കിട്ടിയിരിക്കുന്ന അവസരം സ്നേഹപൂർവ്വം നാം ഉപയോഗിക്കുകയാണെങ്കിൽ ദൈവത്തിന്റെ ഉദ്ദേശം നിവർത്തിക്കപ്പെടും എന്നതിനു സംശയമില്ല.

സ്ത്രീകൾക്കു വേണ്ടി

## സ്ത്രീയുടെ വില

**ബെറ്റി ബി.സി**

**അതിഥി സൽക്കാരത്തിൽ**

അതിഥി സൽക്കാരം മറക്കരുതു. അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സല്ക്കരിച്ചിട്ടുണ്ടല്ലോ (എബ്രായർ 13:2).

നിസ്വാർത്ഥതയുടേയും ആദരവിന്റേയും സൂചനയായ ഒരു സ്വഭാവഗുണമായിട്ടാണ് സല്ക്കാരത്തെ ചരിത്രത്തിലെല്ലാം കണക്കാക്കിയിട്ടുള്ളതു. അതിഥികളായി വരുന്നവരെ സേവിക്കുക, ശുശ്രൂഷിക്കുക എന്നൊക്കെ പറഞ്ഞു കേട്ടിട്ടില്ലേ?

ഒരിക്കൽ അബ്രഹാമിന്റെ കൂടാരത്തിനടുത്തുകൂടെ മൂന്നു പുരുഷൻമാർ കടന്നു പോകുന്നതു അബ്രഹാം കണ്ടു. അവൻ ഓടിച്ചെന്നു അവരെ കണ്ടു തന്റെ വൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിപ്പാൻ അവരോടു അപേക്ഷിക്കയും ചെയ്തു. അവൻ പിന്നെ ബദ്ധപ്പെട്ടു സാറയുടെ അടുക്കൽ ചെന്നു അവർക്കു ആഹാരം ഒരുക്കുവാൻ നിർദ്ദേശിത്തു. ആബ്രഹാം പശുക്കൂട്ടത്തിൽ ഒടിച്ചെന്നു ഇളയതും നല്ലതുമായോരു കാളക്കുട്ടിയെ പിടിച്ചു ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു. അവൻ അതിനെ ക്ഷണത്തിൽ പാകപ്പെടുത്തി. പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്യിച്ച കാളക്കുട്ടിയേയും കൊണ്ടുവന്നു അവരുടെ മുമ്പിൽ വെച്ചു; അവരുടെ ആളുകൾ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു; അവർ ഭക്ഷണം കഴിച്ചു.

ആ അനന്തരഫലമുളവാക്കുന്ന ദിവസം അബ്രഹാം സല്ക്കരിച്ചതു കർത്താവിനെയും രണ്ടു ദൂതന്മാരെയും ആയിരുന്നു (ഉല്പത്തി 18:13,14; 19:1). മനുഷ്യഭാവത്തിലായിരുന്നു അവർക്കു പ്രത്യക്ഷപ്പെട്ടത്. അബ്രഹാമും ഭാര്യ സാറയും അന്നു പ്രകടിപ്പിച്ച അതിഥി

സൽക്കാരത്തെപോലെ ക്രിസ്ത്യാനികൾ അതിഥി സൽക്കാരം ആചരിക്കണമെന്ന് പുതിയനിയമത്തിൽ എബ്രായലേഖകൻ ഉത്ബോധിപ്പിക്കുന്നു. വളരെക്കാലം മുമ്പ് നടന്ന ആ സല്ക്കാരത്തെ സ്മരിക്കുമ്പോൾ അതിന്റെ ഫലത്തിനും പ്രത്യേകതയുണ്ട്.

ദൈവത്തിന്റെ പ്രവാചകനായിരുന്ന ഏലിശാ ഒരു ദിവസം ശൂനേമിലേക്കു പോയി; അവിടെ ധനികയായിരുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. അവൾ അവനെ ഭക്ഷണത്തിനു വരേണം എന്നു നിർബന്ധിച്ചു. പിന്നത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിനു അവിടെ കയറും. അവൾ തന്റെ ഭർത്താവിനോടു: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു. നാം ചുവരോടുകൂടിയ ചെറിയോരു മാളികമുറി പണിതുണ്ടാക്കുക: അതിൽ അവനു ഒരു കട്ടിലും ഒരു മേശയും ഒരു നാല്ക്കാലിയും ഒരു നിലവിളക്കും വെക്കുക; അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന്നു അവിടെ കയറി പാർക്കാമല്ലോ എന്നു പറഞ്ഞു (2രാജാ. 4:8-10).

അങ്ങനെ അതിന്റെ പണി പൂർത്തിയായി. അതിനു ശേഷം ഏലിശയും തന്റെ ദാസനായിരുന്ന ഗേഹസിയും എപ്പോഴെല്ലാം അതു വഴി വരുന്നുവോ അവിടെ ആ മാളികമുറിയിൽ കയറി വിശ്രമിക്കയും പാർക്കയും ചെയ്തുവന്നു. ഒരു പ്രവാചകൻ എന്ന നിലയിൽ ഏലിശായുടെ ജീവിതം അത്ര എളുപ്പമായിരുന്നില്ല. പ്രതികൂലമായ സാഹചര്യങ്ങളിൽ കൂടെ നീങ്ങുകയായിരുന്നു അവൻ. അവന്റെ ഭൗതീകമായ ആവശ്യങ്ങൾ നല്കപ്പെടുന്നില്ല എന്നു ശൂനേംകാരത്തി മനസിലാക്കി. അവിടെയുള്ള ബാൽ പുരോഹിതൻമാരാൽ പ്രവാചകന്റെ ജീവൻ പോലും അപകടത്തിലാണെന്ന് ഒരു പക്ഷെ അവൾ അറിഞ്ഞിരിക്കാം. അതുപോലെ ഇസ്രായേലിന്റെ രാഷ്ട്രീയ ശത്രുക്കളും ധാരാളമുണ്ടായിരുന്നു. അരാം രാജാവാണെങ്കിൽ ഏലിശായെക്കുറിച്ച് കേട്ടപ്പോൾ അവനെ കൊല്ലുവാൻ പദ്ധതി ആവിഷ്ക്കരിച്ചിരിക്കയുമായിരുന്നു (2രാജാക്കന്മാർ 6:1-23).

എന്നാൽ ശൂനേംകാരത്തിയുടെ മനസലിവുള്ള ഹൃദയം, ഏലിശായുടെ വിഷമഘട്ടം, സുഖകരമാക്കാൻ ചലിച്ചു. അവൻ കടന്നുപോകുമ്പോൾ പ്രവാചകനുവേണ്ടി അവൾ ഭക്ഷണം ഒരുക്കി. അവൻ അതു ഭക്ഷിച്ചിരുന്നു. അവനു താമസിക്കുവാൻ പ്രത്യേകമായ ഒരു

മുറി പണിയുവാനും അതിൽ ആവശ്യമുള്ള സാധന സാമഗ്രികൾക്കായും അവൾ പണം ചെലവിടുന്നു. അവളുടെ ദൈവീകമായ വിചാരവും സ്വഭാവവും എത്രമാത്രം നമ്മെ ഉണർത്തുന്നതാണ് എന്നു ചിന്തിക്കുക. എല്ലാവർക്കും ഇത്തരം സ്വഭാവവിശേഷതകൾ കണ്ടെന്നു വരികയില്ല.

ശൂനേം കാരത്തി തന്റെ ധനം ശരിയായി ഉപയോഗിക്കണം എന്ന സ്വഭാവക്കാരിയായിരുന്നു. പണമുണ്ടെങ്കിൽ അതു സ്വന്തം ആവശ്യത്തിനു മാത്രമാണെന്നുള്ള സ്വാർത്ഥത ഇവിടെ മറ നീങ്ങുന്നു. അതു പ്രയാസം അനുഭവിക്കുന്നവരുടെ കഷ്ടത നീക്കാൻ വേണ്ടി പ്രവർത്തിക്കുകയാണ് ഇവിടെ ചെയ്യുന്നതു. ദൈവസന്നിധിയിൽ മാന്യവും പ്രസാദകരവുമായ പ്രവൃത്തിയാണ് ഈ ദൈവഭക്തയായ സ്ത്രീയിൽ നാം കാണുന്നതു. സന്ദർഭോചിതമായ പ്രവൃത്തിക്കു തക്ക പ്രതിഫലവും അവർക്കു ലഭിക്കുന്നുണ്ട്.

ഈ ശുനേം കാരത്തി സ്ത്രീ ദൈവഭക്തയും അതിഥിസൽക്കാരപ്രിയയും മാത്രമായിരുന്നില്ല. അവളിൽ ഉണ്ടായിരുന്ന ഗുണങ്ങൾ മറ്റു പലതുമായിരുന്നു. ഉപകാരപ്രദമായ സൽപ്രവൃത്തികളിൽ മുൻപന്തിയിലായിരുന്നതു കൊണ്ടാകാം ദൈവശ്വാസീയനായ എഴുത്തുകാരൻ അവളെ ശ്രദ്ധേയമായ രീതിയിലും മഹത്തായ രീതിയിലുമാണ് ചിത്രീകരിച്ചിരിക്കുന്നതു. എത്രമാത്രം മതിപ്പാണ് അവർക്ക് തിരുവെഴുത്തിൽ ലഭിച്ചിരിക്കുന്നത്! ഇന്നത്തെ ദൈവഭവനത്തിലെ സ്ത്രീകളായ നമുക്ക് നമ്മുടെ ജീവിതത്തിൽ വളർത്തിയെടുക്കേണ്ട വിശേഷതകൾ അനുകരിക്കാൻ കഴിയണം. ദൈവത്തിന്റെ ആഗ്രഹമനുസരിച്ച് നാം സൽഗുണപൂർത്തിയിലും സൽപ്രവൃത്തിയിലും വളർന്നു വരണം.

ശൂനേം കാരത്തി സ്ത്രീയിൽ നിന്നു മറ്റെന്തെല്ലാമാണ് നാം പഠിക്കുന്നത്? സ്വഭാവശുദ്ധിയുള്ള ഒരു സ്ത്രീയായിരുന്നു അവൾ. അവളുടെ ദയവിനു പ്രത്യുപകാരമായി പ്രവാചകൻ എന്തു ചെയ്തുകൊടുക്കണമെന്ന ആവശ്യം അവളോടു ചോദിച്ചപ്പോൾ അവന്റെ രഹസ്യമുറിയിൽ അവളുടെ സ്വന്ത ഇഷ്ടപ്രകാരം പ്രവേശിപ്പാൻ പോലും അവൾ തയ്യാറായില്ല. 2രാജാക്കന്മാർ 4-ാം അദ്ധ്യായം 15-ാം വാക്യത്തിൽ പറയുന്നു: അവളെ വിളിപ്പിച്ചപ്പോൾ അവൾ വാതിൽക്കൽ വന്നു നിന്നതേയുള്ളു എന്ന്. എന്തുമാത്രം വിനയവും ബുദ്ധിയും

ഉള്ളവൾ ആയിരുന്നു അവൾ എന്നു അതു സൂചിപ്പിക്കുന്നു. നാമായിരുന്നു എങ്കിൽ ആ സ്ഥാനത്തു എങ്ങനെ ഇടപെടുമായിരുന്നു എന്നു ചിന്തിക്കുക.

ദൈവപുരുഷനായ ഏലിശായുടെ ശക്തിയിലും ദൈവത്തിലും നല്ല ആശ്രയം ഉണ്ടായിരുന്നു അവൾക്ക്. ഏലിശായുടെ പ്രവചനം അവളിൽ നിറവേറുകയുണ്ടായി. അവൻ വാഗ്ദാനം ചെയ്തതനുസരിച്ച് ശൂനേംകാരത്തിക്ക് ഒരു മകൻ ജനിച്ചു(2രാജാക്കന്മാർ 4:17). എന്നാൽ കുറെ നാൾ കഴിഞ്ഞപ്പോൾ കുട്ടിക്കു ദീനം വന്നു അവൻ മരിച്ചു. ശൂനേം കാരത്തി അപ്പോൾ എന്താണ് ചെയ്തത്? അവളുടെ സങ്കടത്തിൽ അവൾ ദുഃഖിച്ച് വിലപിച്ചു സമയം കളഞ്ഞോ? ഇല്ല. അപ്രതീക്ഷിത യാത്രക്കൊരുങ്ങുന്നതു എന്തിനാണെന്ന അവളുടെ ഭർത്താവിന്റെ ചോദ്യത്തിനുപോലും "അതു നന്മക്കാണ്" എന്നു മാത്രം അവൾ ഉത്തരം നല്കി (2രാജാക്കന്മാർ 4:23). വലിയ വിശ്വാസമുള്ള ഒരു സ്ത്രീയായിരുന്നു അവൾ.

ദൈവഭക്തിയുടെ മർമ്മവും ശക്തിയും യഥാർത്ഥമായി അനുഭവിക്കുന്ന സ്ത്രികൾക്കിടയിൽ ഇന്ന് ചലനാത്മകമായ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ ചുറ്റുപാടുമുള്ള ആളുകളിൽ അതു കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയും. ലോകത്തിലുള്ള ആളുകൾ നമ്മുടെ മാഹാത്മ്യം, വിനയം, വിശ്വാസം, നിസ്വാർത്ഥത, അതിഥി സൽക്കാരം, സൽപ്രവർത്തികൾ എന്നീ ഗുണങ്ങൾ കണ്ടുകൊണ്ട് ദൈവത്തിന്റെ വഴിയിലേക്കു ആകൃഷ്ടരായി തീരും. അതിനു നാം ലോകത്തിൽ നിന്നും വേർപെട്ട വിശുദ്ധജീവിതം നയിക്കണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നാം മാതൃകാപരമായ വെളിച്ചം ലോകത്തിനു പ്രദാനം ചെയ്യണം. നാം ലോകത്തെ അനുകരിക്കാതെ ലോകം നമ്മെ അനുകരിക്കണം. അപ്പോൾ സ്ത്രീയുടെ വില എല്ലാവരും മനസിലാക്കും. അവൾക്ക് ലഭിക്കേണ്ട മതിപ്പും മാനവും ലഭിക്കും.

സ്ത്രീ പലപ്പോഴും വിചാരിക്കുന്നത് അവൾക്ക് ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചാണ്. എന്നാൽ ക്രിയാത്മകമായി അവളിൽ ദൈവം നൽകിയിരിക്കുന്ന നിരവധി ഗുണങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയും. ഈ ഒരു ചിന്ത എല്ലാവരും മുറുകെപിടിക്കണം.

✶

# ആശ്വാസം

പ്രശ്നങ്ങൾ, ദുരിതങ്ങൾ, ദുഃഖങ്ങൾ, കഷ്ടനഷ്ടങ്ങൾ എന്നിവയാൽ ഭാരപ്പെട്ട് നീറുന്നവർക്ക് അതിൽ നിന്നു മോചനം കിട്ടുവാൻ വെമ്പൽ കൊള്ളുന്നു. മനുഷ്യന്റെ പ്രയത്നവും അതിനായി തന്നെയാണ്. ലൗകീകവും ആത്മീകവും എന്ന് അതിനെ രണ്ടായി തരം തിരിക്കാം. ഭൗതീകമായ ആശ്വാസം താല്ക്കാലികവും നശ്വരവും ആണെങ്കിൽ ആത്മീകമായ ആശ്വാസം നിത്യവും സ്ഥിരവുമാണ്. ഭൂരിഭാഗം പേരും ഭൗതീകമായ ആശ്വാസത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്, ആത്മീക ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ വളരെ ചുരുക്കമാണ്. ബാഹ്യമായി കാണുന്നതിന് ആകൃഷ്ടരായി തീരുകയാണ് മനുഷ്യർ. കാണാത്തവയെ കുറിച്ച് അവർ ചിന്തിക്കുന്നില്ല. ലോകം ആത്മാവിനെ അറിയുന്നില്ല. അതുകൊണ്ട് അവർ ആത്മീയമായി ചിന്തിക്കുന്നില്ല. ആകയാൽ ലോകത്തുള്ള ആളുകൾ വേദനയും ദുഃഖവുംവരുമ്പോൾ അവയുടെ ആശ്വാസത്തിനായി കണ്ടെത്തുന്ന മാർഗ്ഗങ്ങളെ അവലംബമാക്കുന്നു. ദൈവീകമായ ആശ്വാസം ആണ് എല്ലാവർക്കും വേണ്ടതു.

ആശ്വാസമില്ലാതെ ആളുകൾ കഷ്ടപ്പെടുന്നതു എന്തുകൊണ്ടാണ് എന്നു പരിശോധിക്കാം. പാപം ആണ് മനുഷ്യരുടെ ദുരിതങ്ങൾക്കു കാരണം. ദൈവനിയമത്തെ ലംഘിക്കുന്നതാണ് പാപം. അങ്ങനെ തെറ്റു പ്രവർത്തിക്കുന്നവരിൽ ദൈവകോപം ജനിക്കുന്നു. അക്കാരണത്താൽ ജനങ്ങൾ ഭാരപ്പെട്ട് ഞെരുങ്ങുന്നു. വേദപുസ്തകം വെളിപ്പെടുത്തുന്ന സത്യം: നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല എന്നത്രേ (റോമർ 3:10). അതിനുള്ള പ്രതിവിധി ആശ്വാസം ലഭിക്കുവാൻ ദൈവം നിർദ്ദേശിക്കുന്നതു കണ്ടെത്തുക എന്നാണ്. ദൈവം മനുഷ്യനായി പിറന്നു ഭുമിയിൽ ജീവിച്ച് മനുഷ്യരുടെ ഈ പ്രതിസന്ധി കണ്ട് മനസലിഞ്ഞ് അവരോട് ഇപ്രകാരം പറയുകയുണ്ടായി. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റു കൊണ്ടു എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങ

ളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും(മത്തായി 11:28,29). ലോകത്തിൽ മറ്റാർക്കും വാഗ്ദാനം ചെയ്വാൻ കഴിയാത്ത ഒരു വാഗ്ദാനമാണ് കർത്താവ് നല്കിയതു. പക്ഷെ ഈ ആശ്വാസം കണ്ടെത്തുന്നവർ വിരളമാണ്.

ആശ്വാസത്തിന്റെ ഉറവിടം എവിടെയാണ് എന്ന് നാം അറിഞ്ഞിരിക്കണം. അതു ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും പുറപ്പെടുന്നു. ദൈവം നമ്മുടെ സൃഷ്ടികർത്താവും പിതാവുമാകയാൽ മക്കളെ, അവന്റെ സൃഷ്ടികളെ കഷ്ടതയിൽ ആശ്വസിപ്പിക്കാൻ മനസ്സുള്ളവനാണ്. ക്ഷമാശീലനായ ദൈവം തന്റെ മക്കളുടെ വേദന ദൂരീകരിക്കാൻ ആഗ്രഹിക്കുന്നു. യഥാർത്ഥമായ ആശ്വാസം കിട്ടണമെന്നുള്ളവർ ദൈവത്തിങ്കലേക്കു തിരിയണം. മാനുഷിക ആശ്വാസം നമ്മെ അൽപം തണുപ്പിക്കുമെങ്കിൽ ദൈവം തരുന്ന ആശ്വാസമാണ് നമ്മുടെ ക്ലേശങ്ങളെ പൂർണ്ണമായി എടുത്തുകളയുന്നത്. പാപത്തിൽ നിന്നു നമ്മെ മോചിപ്പിക്കുന്ന ദൈവം വരുത്തുവാനിരിക്കുന്ന ശിക്ഷാവിധിയിൽ നിന്നും നമ്മെ വിടുവിക്കും. കൊലക്കുറ്റത്തിനു ശിക്ഷിക്കപ്പെട്ട കുറ്റവാളിയുടെ ശിക്ഷ ഇളവു ചെയ്തു കൊടുക്കുമ്പോൾ അവനുണ്ടാകുന്ന ആശ്വാസം പറഞ്ഞറിയിക്കാൻ പ്രയാസം. അത് ഭൗതികമാണെങ്കിൽ ദൈവം വിടുതൽ തരുന്നതു ആത്മാവിന്റെ നിത്യമായ മോചനമാണ്.

അടുത്തതായി പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ ആശ്വാസകിരണങ്ങൾ വിതറുന്നു. ദൈവത്തിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ് എന്നിങ്ങനെ അറിയപ്പെടുന്ന ദൈവീക വ്യക്തിത്വം. പ്രവർത്തനനിരതമാണ്. പാപങ്ങളിൽ നിന്നു വിട്ടുമാറുവാൻ, ദൈവവചനത്തോട് അടുക്കുവാൻ ദൈവത്തിന്റെ ആത്മാവ് നമ്മെ അവന്റെ വചനത്തെ ഉൾക്കൊണ്ട് അനുസരിക്കുന്നവരിൽ എന്നേക്കും വസിക്കേണ്ടതിനു തന്റെ ആത്മാവിനെ ദാനമായി നൽകുന്നു. ആത്മാവിന്റെ ആശ്വാസം ഏവർക്കും അനുഭവപ്പെടുവാനാണ് ദൈവം അതു ചെയ്യുന്നതു. പക്ഷെ ദൈവത്തെ അനുസരിക്കാത്തവർക്കു ആത്മാവ് കിട്ടുന്നില്ല (പ്രവൃ.9:31). തിരുവെഴുത്തുകളാലും നമുക്കു ആശ്വാസം ലഭിക്കും (റോമർ 15:4). ക്രിസ്തീയ സ്നേഹിതന്മാരുടേയും ബന്ധം ആശ്വാസമുളവാക്കുന്ന ഒന്നാണ്.

അടുത്തതായി യേശുക്രിസ്തുവിൽ നിന്നു പുറപ്പെടുന്നതാണ്

ആശ്വാസം. രോഗികൾക്ക് സൗഖ്യം നല്കി, നിരാശയിലും ദുഃഖത്തിലും ആയിരുന്നവർക്കു അതിൽ നിന്നു മോചനം നൽകുന്നതു കർത്താവാണ് (മത്തായി 9:22). തന്റെ നിര്യാണത്തെ കുറിച്ച് ദുഃഖിച്ചിരുന്ന ശിഷ്യന്മാരോട് കർത്താവ് പറഞ്ഞതു നിങ്ങളുടെ ഹൃദയം കലങ്ങരുതു, വിഷമിക്കരുതു, ഞാൻ പോയി നിങ്ങൾക്കു വേണ്ടി സ്ഥലം ഒരുക്കി വന്നു നിങ്ങളെ ആ ഭവനത്തിൽ ചേർത്തുകൊള്ളും എന്ന് അരുളിച്ചെയ്യുകയുണ്ടായി. ഏതു വിധത്തിലായാലും കഷ്ടനഷ്ടങ്ങൾ ആയാലും അതിൽ നിന്നു വിടുവിക്കുവാൻ കർത്താവിനു കഴിയും. ആ ആശ്വാസം പ്രാപിക്കുവാൻ നിങ്ങൾ എന്തു ചെയ്യണമെന്നതു പ്രാധാന്യമർഹിക്കുന്നു. അതു തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക.

### ആശ്വാസം എങ്ങനെ കിട്ടും?

1. **വിശ്വാസം:-** വിശ്വാസം എന്നാൽ തോന്നലോ മാനസിക പ്രതിഭാസമോ അല്ല. അതു ഹൃദയത്തിൽ നിന്നു ഉത്ഭവിക്കണം (റോമർ 10:10). നിർജീവമായിരിക്കരുതു. പ്രവൃത്തിയില്ലാത്ത വിശ്വാസമാണ് അനേകർക്കുള്ളതു (യാക്കോബ് 2:17). പിശാചുക്കളും വിശ്വസിക്കുന്നുണ്ട് (യാക്കോബ് 2:19). യഥാർത്ഥമായ വിശ്വാസം ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും ആയിരിക്കണം. എങ്കിലേ ദൈവത്തിന്റെ വചനത്തിലും ക്രിസ്തുവിന്റെ ഉപദേശത്തിലും വിശ്വസിക്കയുള്ളു. യേശുക്രിസ്തു ശമര്യക്കാരി സ്ത്രീയോടു പറഞ്ഞത്: സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക (യോഹന്നാൻ 4:21). വിശ്വാസമില്ലെങ്കിൽ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല(എബ്രായർ 11:6). അന്ധവിശ്വാസമല്ല മറിച്ച് ദൈവം തെളിവുകൾ ധാരാളം തന്നിട്ടുണ്ട്. അതു പരിശോധിച്ച് മനസിലാക്കിവേണം വിശ്വസിക്കുവാൻ. അതുകൊണ്ടാണ് ക്രിസ്തുവിന്റെ വചനം കേട്ടിട്ടുവേണം വിശ്വസിക്കുവാൻ എന്നു പറഞ്ഞിരിക്കുന്നതു (റോമർ 10:17). നിങ്ങൾ തെറ്റിപ്പോകുന്നതു തിരുവെഴുത്തുകളേയും ദൈവശക്തിയേയും തിരിച്ചറിയാത്തതുകൊണ്ടല്ലയോ? (മർക്കൊസ് 12:24). വിശ്വസിക്കുന്നവനു നിത്യജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. സത്യം മാത്രമേ വിശ്വസിക്കാവു (യോഹ.17:17). കള്ളം വിശ്വസിച്ചാൽ ഹവ്വയെ പോലെ പുറത്തുപോകും.

2. **മാനസാന്തരം:-** മനസിൽ ഉണ്ടാകുന്ന മാറ്റം. വഴിതിരിഞ്ഞു

നടക്കൽ ആണ് മാനസാന്തരം. സ്വന്തവഴിവിട്ട് ദൈവവഴിയിൽ കൂടെ സഞ്ചരിക്കാമെന്ന ഉടമ്പടി എല്ലാവർക്കും ആവശ്യമാണ്(പ്രവൃ. 17:30), ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങൾ എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അതാണ് മാനസാന്തരം. പാപം പൂർണ്ണമായി ഒഴിവാക്കണം. മാനസാന്തരം ജീവിതത്തിൽ പരസ്യമാകണം. അങ്ങനെ നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ കർത്താവു പറഞ്ഞിരിക്കുന്നു: നാം നശിച്ചുപോകും (ലൂക്കൊസ് 13:3). മാനസാന്തരപ്പെടാത്തവരെ സംബന്ധിച്ച് അവർക്കു പ്രത്യാശയില്ല മാനസാന്തരപ്പെടുന്ന ഒരു പാപിയെ കുറിച്ച് സ്വർഗ്ഗം സന്തോഷിക്കും. ഇന്നു തന്നെ മാനസാന്തരപ്പെടുക.

**3. ഏറ്റുപറച്ചിൽ** :- യേശു ദൈവപുത്രനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ ആ വിശ്വാസം നിങ്ങൾ ഉള്ളിൽ വെച്ചുകൊണ്ടിരിക്കയല്ല വേണ്ടതു. തുറന്നു പ്രഖ്യാപിക്കണം; ലോകത്തുള്ള ജനങ്ങളോടു (മത്തായി 10:32,33). നിങ്ങൾ അവനെ മനുഷ്യരുടെ മുമ്പിൽ ഏറ്റു പറഞ്ഞാൽ അവൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നിങ്ങളേയും ഏറ്റു പറയും. ഇല്ലെങ്കിൽ അവൻ നിങ്ങളെ തള്ളിപ്പറയും.

✶

## മാനസാന്തരം കഠിനമേറിയ കല്പനയോ?

**ഡേവിഡ് W.C.**

ലോകത്തുള്ള ആളുകൾ ധരിച്ചുവച്ചിരിക്കുന്ന രീതിയിൽ അല്ല ദൈവം കല്പിച്ചിട്ടുള്ള കാര്യങ്ങൾ എന്നതു വിചിത്രമാണ്. ഉദാഹരണമായി പറഞ്ഞാൽ സമൂഹം ഇന്ന് മാനസാന്തരം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്, പാപത്തെക്കുറിച്ച് ഉണ്ടാകുന്ന ദുഃഖമാണ് എന്നതാണ്. എന്നാൽ വിശുദ്ധവേദപുസ്തകം ശരിയായി പരിശോധിക്കുമ്പോഴാണ് യാഥാർത്ഥ്യം വ്യക്തമാകുന്നതു. പശ്ചാത്താപത്തിനപ്പുറമാണ് മാനസാന്തരം. തെറ്റുകളിൽ നിന്നു പൂർണ്ണമായി വ്യതിചലിക്കുന്ന ജീവിതമാണ് ആവശ്യം. മനസ്സും പ്രവൃത്തിയും അല്ലെങ്കിൽ ചിന്തയും ജീവിതവും ദൈവത്തിന്റെ ഇഷ്ടത്തിന് വിധേയമാക്കണം. അതു സംഭവിക്കാതെ മാനസാന്തരപ്പെട്ടു എന്നു പറയുന്നതിൽ അർത്ഥമില്ല. കർത്താവിന്റേയും അപ്പോസ്തലന്മാരുടേയും ഉപദേ

ശങ്ങളിൽ ആ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഏതൊരു മനുഷ്യനും തന്റെ ജീവിതത്തെ ആ രീതിയിൽ രൂപാന്തരം വരുത്തണം. പരമാർത്ഥഹൃദയത്തോടെ തിരിയുന്ന മനുഷ്യരെ ദൈവം അംഗീകരിക്കും. ദൈവവാഗ്ദാനത്തിൽ നമുക്ക് പൂർണ്ണമായി ആശ്രയിക്കാം.

മാനസാന്തരപ്പെടുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ ബൈബിളിൽ പഠിപ്പിച്ചിരിക്കുന്നതും മനസിലാക്കിയിരിക്കുന്നതും വളരെ കുറച്ചു മാത്രം. തിരുവെഴുത്തു പ്രഖ്യാപിച്ചു തുടങ്ങുന്നതു തന്നെ. 1. മനുഷ്യനിലനിൽപിന്റെ അടിസ്ഥാന യാഥാർത്ഥ്യമാണ് പാപം, 2. എല്ലാവരും മാനസാന്തരപ്പെടേണ്ടത് ആവശ്യമാണ്. ആദാമിൽ നിന്നും ഹവ്വയിൽ നിന്നും ഇസ്രായേൽ ജനം പഠിക്കേണ്ടിയിരുന്ന അടിസ്ഥാനപാഠം അതായിരുന്നു (ഉല്പത്തി 2:3). ബൈബിൾ ചരിത്രകാലഘട്ടത്തിൽ എല്ലാം ആരംഭം മുതൽ അവസാനം വരെ മാനസാന്തരത്തിന്റെ ആവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്; പാപിയായ മനുഷ്യനോട് മാനസാന്തരപ്പെടുവാൻ കല്പിക്കുന്നുണ്ട്; മാനസാന്തരപ്പെടുവാനുള്ള ഉത്തരവാദിത്വം ആളുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

മനുഷ്യർ മാനസാന്തരപ്പെടുമ്പോൾ ദൈവത്തിൻമേൽ വരുത്താവുന്ന സ്വാധീനശക്തി തറപ്പിച്ച് പ്രതിപാദിച്ചിരിക്കയാണ് പഴയനിയമത്തിലും പുതിയ നിയമത്തിലും. ഒരു വ്യക്തിയുടെ ജീവിതത്തിൽ പാപക്ഷമാപണം യാഥാർത്ഥ്യമായിത്തീരുവാൻ മാനസാന്തരം അത്യന്താപേക്ഷിതമാണ് (പ്രവൃത്തി 2:38). ഒരാളുടെ പാപം മായ്ച്ചുകളയണമെങ്കിൽ, കർത്താവിന്റെ നവീകരണമഹത്വം ലഭിക്കണമെങ്കിൽ മാനസാന്തരപ്പെടണം (പ്രവൃത്തി 3:10).

മാനസാന്തരം എന്താണെന്ന് അറിയാതെ ഒരാൾ എങ്ങനെ മാനസാന്തരപ്പെടും? പുതിയ നിയമത്തിൽ യേശുവും അപ്പോസ്തലന്മാരും മാനസാന്തരത്തെപ്പറ്റി പഠിപ്പിച്ചിരിക്കുന്നതു മാനസിലാക്കാതെ ആരെങ്കിലും വാസ്തവത്തിൽ എങ്ങനെ മാനസാന്തരപ്പെടും? ഏതൊരു വ്യക്തിയും , വിശ്വാസം, മാനസാന്തരം, സ്നാനം എന്നിവയെ സംബന്ധിച്ച് അറിഞ്ഞിരിക്കണം. മാനസാന്തരം കൂടാതെ പാപമോചനമോ, ക്രിസ്തുവിലുള്ള പുതുജീവനോ ലഭിക്കുന്നില്ല.

മാനസാന്തരത്തെക്കുറിച്ച് സാധാരണ രീതിയിലുള്ള വിശദീകരണം ഇപ്രകാരമാണ്. നിങ്ങളുടെ ജീവിതം, പാപത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിച്ച് വിടുന്നതിനാണ് മാനസാന്തരം എന്നു പറയു

ന്നതു. വർഷങ്ങൾക്കു മുൻപ് ഈ തിരിവിനെ ഏതാണ്ട് ഇതുപോലെ വിവരിക്കയുണ്ടായി. മനസിൽ ഉണ്ടാകുന്ന മാറ്റം, ഹൃദയമാറ്റത്തിലേക്കും അങ്ങനെ ജീവിതത്തിലേക്കും ഉള്ള ഒരു മാറ്റമാണ് മാനസാന്തരം. ഇവയെല്ലാം പരമാർത്ഥമാണ്. എങ്ങനെയായാലും നമ്മുടെ ദൈനന്തിന ജീവിതത്തിൽ അതിന്റെ അർത്ഥമെന്തെന്ന് നിങ്ങൾക്കു അറിയാമോ?

മുടിയനായ പുത്രന്റെ ഉപമയിൽ യേശു, മാനസാന്തരത്തിന്റെ വ്യക്തമായ ഒരു അവതരണം അർത്ഥമാക്കിതരുന്നുണ്ട്(ലൂക്കൊസ് 15:11-24). ഒരു മനുഷ്യന്റെ ഇളയ മകൻ പ്രായപൂർത്തിയായപ്പോൾ യുവത്വത്തിന്റെ ബുദ്ധിശൂന്യതയും നിർബ്ബന്ധബുദ്ധിയും അവനെ നാശത്തിലേക്കു നയിച്ചു എന്നു പറയാം. പിതാവിന്റേയും മൂത്ത സഹോദരന്റേയും കർശന നിയന്ത്രണത്തിൽ നിന്നു സ്വാതന്ത്ര്യം നേടുവാൻ അവൻ ആഗ്രഹിച്ചു. തനിക്കു അവകാശമായി കിട്ടേണ്ട സമ്പാദ്യം അവൻ ആവശ്യപ്പെട്ടു വാങ്ങിക്കൊണ്ടു അവൻ തന്റെ വീട് വിട്ടുപോയി.

അവൻ തന്റെ സ്വത്തുമായി ദൂരദേശത്തുപോയി കൂട്ടുകാരുമായി ചേർന്നു തിന്നുകുടിച്ചു സുഖിച്ചു. തന്റെ കൈവശം ഉണ്ടായിരുന്നതെല്ലാം തീർന്നപ്പോൾ ആ ദേശത്ത് വലിയോരു ക്ഷാമം നേരിട്ടു. സ്ഥിതി പരിതാപകരമായി തീർന്നപ്പോൾ കൂട്ടുകാരും ഭക്ഷണവും ഇല്ലാതെയായി. ഒരു യിസ്രായേല്യന് ഹീനമായ ഒരു ജോലി അവൻ ഏറ്റെടുക്കുകയുണ്ടായി. പന്നികളെ മേയ്ക്കുക എന്ന ജോലിയാണ് (ലേവ്യ. 11:2-8). എന്നിട്ടും അവൻ നിരാശനായിരുന്നു. വിശന്നുപൊരിഞ്ഞ അവൻ പന്നികൾ തിന്നുന്ന വാളവര തിന്നു വിശപ്പടക്കാൻ തന്നെ ആഗ്രഹം പ്രകടിപ്പിച്ചു.

തന്റെ മുന്നിൽ ഉയർന്നുവന്ന ആവശ്യം അവനെ നേർവഴിക്കു ചിന്തിക്കാൻ പ്രേരിപ്പിച്ചു. തന്നെക്കാൾ തന്റെ അപ്പന്റെ കൂലിക്കാരെ എത്രയധികം കരുതുന്നു എന്ന വസ്തുത അവൻ തിരിച്ചറിഞ്ഞു. തന്റെ തെറ്റുകൾക്കു താൻ തന്നെയാണ് ഉത്തരവാദി എന്നും അവൻ മനസിലാക്കി. ആ നിമിഷം അവൻ ചെയ്ത തെറ്റ് തന്റെ പിതാവിനോടും ദൈവത്തോടും ആണെന്ന് അവനു ബോധ്യമായി. തന്റെ പാപത്തിനെതിരായി പരിഹാരപ്രവൃത്തി ചെയ്യുവാൻ അവൻ ധൈര്യം അവലംബിച്ചു.

എന്തൊരു പ്രയാസകരമായ തീരുമാനമായിരുന്നു അതു! തന്റെ അപ്പന്റെ അടുക്കൽ ചെന്നു അപരാധം ഏറ്റുപറഞ്ഞു മകനായി സ്വീകരിക്കണമെന്നായിരുന്നില്ല അവന്റെ അപേക്ഷ. കൂലിക്കാരിൽ ഒരാളായി കാണണമെന്നായിരുന്നു. മകൻ എന്നു വിളിക്കുവാനുള്ള യോഗ്യത അവനില്ല എന്ന് അവൻ തിരിച്ചറിഞ്ഞു. ആ ആവശ്യം ഉന്നയിക്കുവാൻ അവന് യാതൊരു അവകാശവുമില്ല. തന്റെ പിതാവിന്റെ ഭവനത്തിലേക്കുള്ള അവന്റെ ദീർഘമായ യാത്രയിൽ അപ്പന്റെ പ്രതികരണം എന്തായിരിക്കും? കോപിക്കുമോ? താന്തോന്നിയായ മകനെക്കുറിച്ച് നാണിക്കുമോ? അനന്തരഫലം എന്തായാലും അവൻ തന്റെ പിതാവിന്റെ അടുക്കലേക്കു തന്നെ പോയി.

മാനസാന്തരത്തിന്റെ ശക്തമായ വിവരണമാണ് അത്. അതു വാസ്തവത്തിൽ മാനസാന്തരത്തെ ചിത്രീകരിക്കയാണ്. 1. ശരിയായി ചിന്തിക്കുന്നതിനും കാണുന്നതിനും ഉള്ള ശേഷി അവൻ ആർജിച്ചെടുത്തു. തന്നെത്തന്നെ വഞ്ചിക്കുന്ന സ്വഭാവം അവൻ നിർത്തി തന്റെ ജീവിതത്തേയും സാഹചര്യത്തേയും യാഥാർത്ഥ്യ ബോധത്തോടെ നോക്കി കാണാൻ തുടങ്ങി. 2. തന്റെ സ്വന്തപാപങ്ങളെ, പരാജയങ്ങളെ, അകൃത്യങ്ങളെ അവൻ കണ്ടു. 3. സത്യം മനസിലാക്കി. അതായതു താൻ തീരുമാനിച്ച് തിരഞ്ഞെടുത്തതായിരുന്നു പാപം എന്ന് അവൻ തിരിച്ചറിഞ്ഞു. 4. തന്റെ സ്വഭാവത്തിനും പ്രവർത്തിക്കും പൂർണ്ണ ഉത്തരവാദിത്വം അവൻ ഏറ്റെടുത്തു. അതിനു മറ്റാരേയും പഴിചാരിയില്ല. 5. തന്റെ തെറ്റുകുറ്റങ്ങൾ ആരെയൊക്കെ വേദനിപ്പിച്ചു എന്നതും അവന്റെ മനസിൽ തെളിഞ്ഞു കണ്ടു; പിതാവിനേയും ദൈവത്തേയും. 6. തന്റെ അയോഗ്യതയെ വാസ്തവത്തിൽ അവൻ മനസിലാക്കി. 7. അവന്റെ ശരിയായ ചിന്തയും കാഴ്ച്ചപ്പാടും പ്രാവർത്തികമാക്കിതീർത്തു. പന്നികൾക്കിടയിൽ നിന്നു അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു തന്നെക്കുറിച്ചുള്ള സത്യം അവൻ ഏറ്റു പറഞ്ഞു.

ക്ഷമാശീലനായ ദൈവത്തെ ഈ പിതാവിൽ ഹൃദയ സ്പർശകമായ രീതിയിൽ നമുക്കു വെളിപ്പെടുത്തി തന്നിരിക്കയാണ് ഇവിടെ. ആ സമയം, അവന്റെ അപ്പനാണെങ്കിൽ തന്റെ മകൻ വരുന്നോ... വരുന്നോ എന്നു വഴിയിലേക്കു നോക്കിയിരിക്കുകയാണ്. നഷ്ടപ്പെട്ടുപോയ മകന്റെ പുനരാഗമനത്തെ കാത്തിരിക്കയാണ് അയാൾ.

മുഷിഞ്ഞ് വികൃതമായ വേഷധാരിയായി മെലിഞ്ഞു ക്ഷീണിച്ച് അവശനായി നടന്നുവരുന്ന ആ മകനെ അപ്പൻ ദൂരത്തു നിന്നു തന്നെ തിരിച്ചറിഞ്ഞു. അവൻ തന്റെ മകന്റെ അടുക്കലേക്കു ഓടിച്ചെന്നു മനസലിഞ്ഞു കെട്ടിപ്പിടിച്ചു ചുംബിച്ചു. മകന്റെ ഏറ്റുപറച്ചിൽ അവൻ കഷ്ടിച്ച് കേട്ടിരിക്കാം. ആ മാനസാന്തരം പരമാർത്ഥമാണെന്ന് അവൻ അറിഞ്ഞു. അവനെ മകനായിത്തന്നെ സ്വീകരിച്ചു. മകന്റെ സ്ഥാനത്തേക്കു തന്നെ അവൻ ചേർക്കപ്പെട്ടു. തന്നെയുമല്ല വലിയൊരു വിരുന്നും ആഘോഷവും നത്തുകയുണ്ടായി. കാരണം മരിച്ച മകനെ ജീവനോടെ തിരിച്ചു കിട്ടി.

അതാണ് മാനസാന്തരം, മാനസാന്തരത്തിനു ദൈവത്തിൽ ഉള്ള സ്വാധീനഫലം വളരെ ശക്തമാണ്. നിങ്ങൾ മാനസാന്തരപ്പെട്ടാൽ അതു നിങ്ങളുടെ ജീവിതത്തിലും സംഭവിക്കും.

★

## എന്തുകൊണ്ടു ആദ്യപാഠങ്ങൾ
## പ്രസംഗിക്കണം?

**വാൽഡിയോൻ ലംഗ്ഫിൽഫ്**

ഈ ലേഖകനോടു മറ്റൊരു ക്രിസ്ത്യാനി നടത്തിയ സംഭാഷണത്തിൽ ഇപ്രകാരം പറയുകയുണ്ടായി. "ആദ്യപാഠങ്ങൾ ഒരിക്കലും പ്രസംഗപീഠത്തിൽ കയറി പ്രസംഗിക്കാവുന്നതല്ല" അതിനു അദ്ദേഹം എബ്രായർ 6:1,2 വാക്യങ്ങൾ ഉദ്ധരിക്കയുണ്ടായി. "അതുകൊണ്ടു നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുദ്ധാനം, നിത്യ ശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ ക്രസ്തുവിനെ കുറിച്ചുള്ള ആദ്യ വചനം വിട്ടു പരിജ്ഞാനപുർത്തി പ്രാപിപ്പാൻ ശ്രമിക്കുക".

എബ്രായലേഖകൻ എല്ലാസ്ഥലത്തുമുള്ള ക്രിസ്തുവിന്റെ സഭയോടു മുഴുവനായി പറയുന്ന ഒന്നാണോ ഇതു? അടിസ്ഥാനപരമായ സത്യങ്ങൾ കേട്ട് കഴിഞ്ഞിട്ടും അതിൽ നിന്നും വളരുവാൻ ശ്രമിക്കാത്തവരോടു സംസാരിക്കുകയാണ് എഴുത്തുകാരൻ. പകവത

പ്രാപിക്കുവാനായി കൂടുതൽ അറിവ് ആവശ്യമാണ്. കേട്ടതു തന്നെ അല്ലെങ്കിൽ പഠിച്ചതു തന്നെ വീണ്ടും വീണ്ടും ആവർത്തിച്ചു കൊണ്ടിരുന്നാൽ വളർച്ച വരുന്നില്ല. ഒരു കെട്ടിടത്തിന് അടിസ്ഥാനം ഇടുന്നതുപോലെ ആരംഭത്തിൽ അടിസ്ഥാനപരമായ ഉപദേശങ്ങൾ ഉറപ്പിനായി കൊടുക്കണം. സഭയുടെ നിലനിൽപിനു അടിസ്ഥാനതത്വങ്ങൾ അത്യന്താപേക്ഷിതമാണ്. ഒരിക്കൽ അതു പ്രസംഗിച്ചു കഴിഞ്ഞാൽ പിന്നെ അവക്കു പുറമേയുള്ള അറിവുകൾ പലതും ആവശ്യമാണ്. പൂർണ്ണമായ അറിവ് ഏതു കാര്യത്തിലും വേണം. ദൈവീകമായ അറിവിലും നാം തികവുള്ളവൻ ആകണം. ഏതൊരു ഇടവകക്കും ആത്മീയ വളർച്ച കാണുന്നില്ലെങ്കിൽ അതിന്റെ ഒരു കുറവു ഈ കാരണത്താൽ തന്നെ എന്നു പറയാം. എല്ലാ ഇടവകകളിലും ഇതു പഠിപ്പിക്കേണ്ടതിന്റെ ഉദ്ദേശവും വ്യക്തമാക്കിയിട്ടുണ്ട്.

ആദ്യമായി അതു ബൈബിളിൽ ഉള്ളതുകൊണ്ട് അതു പ്രസംഗിക്കണം. ദൈവവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാം ദൈവശ്വാസീയമാണ്. ആകയാൽ ഈ ദൈവനിയോഗത്താൽ നൽകപ്പെട്ട എഴുത്തുകൾ എല്ലാം മനുഷ്യരുടെ ഉപദേശത്തിനും ഗുണീകരണത്തിനും സൽപ്രവൃത്തിക്കും വക പ്രാപിച്ച് എല്ലാവരും തികഞ്ഞവർ ആകുവാൻ തന്നിരിക്കുന്നവയാണ് (2തിമൊഥെയോസ് 3:17). തിമൊഥെയോസിനോടു നിർദ്ദേശിച്ചതു: "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്കുക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക" (2തിമൊഥെയോസ് 4:2). അപ്പോസ്തലനായ പൗലൊസാണല്ലൊ അവനു നിർദ്ദേശം നൽകിയതു. പൗലൊസാണെങ്കിൽ നല്ലൊരുമാതൃക കാഴ്ചവെച്ചിട്ടുണ്ട്. ദൈവത്തിന്റെ ആലോചന അവൻ ഒട്ടും മറച്ചുവെക്കാതെ സംസാരിക്കയുണ്ടായി (പ്രവൃത്തി 20:27). അതുകൊണ്ട് ബൈബിളിലെ പഴയനിയമവും പുതിയനിയമവും, പിതാക്കൻമാരുടെ ജീവിത വിവരണങ്ങൾ, ഇസ്രായേലിന്റേയും ക്രിസ്ത്യാനികളുടേയും ജീവിത രീതികൾ, പുതിയ നിയമത്തിലെ സ്നാനം, ഏകസഭ, ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം എന്നിവയെല്ലാം പ്രസംഗത്തിൽ ഉൾപ്പെടുത്തണം.

രണ്ടാമതായി, പുതിയ അംഗങ്ങൾ സഭയിൽ പ്രവേശിക്കുമ്പോൾ

അവരെ ഇതെല്ലാം പ്രബോധിപ്പിക്കേണ്ടതു ആവശ്യമാണ്. ഒരു ഇടവകയിൽ അടിസ്ഥാന ഉപദേശത്തിൽ വേരൂന്നിയ പഴയ അംഗങ്ങൾ മാത്രമായിരിക്കയില്ലല്ലോ. പുതിയ അംഗങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടു വന്നുകൊണ്ടിരിക്കും, അപ്പോൾ സന്ദർശകരായും ആളുകൾ വന്നുകൊണ്ടിരിക്കും, അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ആ ഇടവക സുവിശേഷം അറിയിക്കുന്നില്ല; സത്യം പ്രസ്താവിക്കുന്നില്ല എന്നു വേണം കരുതാൻ. എങ്ങനെയായാലും സന്ദർശകർക്കും പുതുതായി ജനിച്ചപ്പോഴും അടിസ്ഥാനം ഇട്ടുകൊടുക്കാതിരുന്നാൽ കുഴപ്പമാവും. കാരണം ഉറപ്പില്ലാത്ത ഒന്നിന്മേൽ പണിയുവാൻ പ്രയാസമാകും. സത്യത്തെ യഥാർത്ഥമായി ഗ്രഹിക്കാത്തവർ മറ്റു ഇടവകകളിൽ നിന്നു ചിലപ്പോൾ വന്നേക്കാം. അവർക്കും പത്ഥ്യോപദേശം വേണം. ഒരാൾ എന്തൊക്കെ മനസിലാക്കിയിട്ടുണ്ട് എന്ന് തിരിച്ചറിയുവാനും ആദ്യം ഈ ഉപദേശം കൊടുക്കുന്നതു ഉചിതമായിരിക്കും.

പ്രായമായവർക്കു ശിശുക്കളുടെ ആഹാരം കൊടുക്കാറില്ലല്ലോ. ശിശുക്കളായി തന്നെ എന്നും ഇരിക്കുവാനല്ല; മറിച്ച് വളരുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടതു; പുതുതായി വരുന്നവർക്കു അരോചകമായി തോന്നാൻ പാടില്ല. കാരണം ആരെ ഉദ്ദേശിച്ചാണ് അതു പ്രസംഗിക്കുന്നതെന്ന് അവർ തിരിച്ചറിയും. സദസിൽ ഉള്ള എല്ലാവർക്കും ആത്മീയമായ വളർച്ച ഉണ്ടാകണം. പിൻമാറി പോയവർ യഥാസ്ഥാനപ്പെടുവാൻ തിരിച്ചു വന്നാലും അവർക്കും അടിസ്ഥാന പരമായ വിഷയങ്ങൾ അവരെ ഉറപ്പിച്ചുകൊടുക്കാനായി പ്രസ്താവിക്കണം. ഇതിൽ അപാകതയൊന്നുമില്ല.

പുതിയ അംഗങ്ങളിൽ തീർച്ചയായും നമ്മുടെ യുവാക്കളെ കൂടെ ഉൾപ്പെടുത്തണം. അവരിൽ പലരും അടുത്ത സമയത്തു സ്നാനമേറ്റവരാണ്. അടിസ്ഥാനപരമായ കാര്യങ്ങൾ ക്രിസ്തീയ യുവാക്കൾക്കു ക്രിസ്തുവിന്റെ സഭയിൽ നിന്നു പഠിക്കുവാൻ കഴിയുന്നില്ലെങ്കിൽ അവർ പിന്നെ എവിടെ നിന്നു പഠിക്കാനാണ് ? പല ഇടവകകളും സ്നാനത്തെക്കുറിച്ചുള്ള സത്യം, സഭയെ സംബന്ധിച്ച്, പരിശുദ്ധാത്മാവിനെക്കുറിച്ച് വചനത്തിൽ വെളിപ്പെടുത്തിയ സത്യം തുറന്നു പ്രഖ്യാപിക്കാത്തതുകൊണ്ട് പരാജയപ്പെട്ടു കഴിഞ്ഞു എന്നു പറയാം. അതു പഴയ കാല തലമുറയെ അനുസ്മരിപ്പിക്കുന്നു. അവർ

യഹോവയെ അറിഞ്ഞിരുന്നില്ല എന്നു ന്യായാധിപന്മാരുടെ പുസ്തകം 2–ാം അദ്ധ്യായം 10–ാം വാക്യത്തിൽ പറയുന്നു.

മൂന്നാമതായി പക്വതയുള്ളവരെ ഉപദേശിപ്പാനുള്ള സാമർത്ഥ്യവും കിട്ടും. വിശ്വാസം കേൾവിയാൽ ഉണ്ടാകുന്ന ഒന്നാണ്. കുറച്ചുമാത്രം കേട്ടാൽ വിശ്വാസം കുറവായിരിക്കും (റോമ 10:17). അനേകം വർഷങ്ങൾക്കു മുൻപ് പരിശുദ്ധാത്മാവിന്റെ അടിസ്ഥാന പരമായ പ്രവർത്തനങ്ങളെ ആധാരമാക്കി ഒരു പ്രസംഗം നടത്തിയ ശേഷം ഒരു ശുശ്രൂഷകന്റെ ഭാര്യ വന്നു എന്നെ അഭിനന്ദിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി "വളരെ നാളുകളായി ഇതു പോലുള്ള പ്രസംഗം ഞാൻ കേട്ടിട്ട്" പരിശുദ്ധാത്മാവിന്റെ പ്രവർത്തനരീതികൾ പലർക്കും മറന്നുപോയ അവസ്ഥ പോലെ തോന്നി അവരുടെ ആ പ്രസ്താവന കേട്ടപ്പോൾ.

നമ്മുടെ മുമ്പിലുള്ള ആത്മീയ സത്യങ്ങൾ പലതും തുടർച്ചയായി ഉപയോഗിച്ചില്ലെങ്കിൽ മറന്നുപോക തന്നെ ചെയ്യും. പത്രൊസ്, തന്റെ രണ്ടാം ലേഖനം എഴുതിയതു സഹോദരന്മാരെ ഓർപ്പിച്ചുണർത്തുന്നതിനു വേണ്ടിയായിരുന്നു (2 പത്രൊ. 1:12). പത്രൊസ് രേഖപ്പെടുത്തിയതു ഇപ്രകാരമാണ്, "പ്രിയമുള്ളവരെ ഞാൻ ഇപ്പോൾ നിങ്ങൾക്കു എഴുതുന്നതു രണ്ടാം ലേഖനമല്ലൊ. വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പോസ്ഥലന്മർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കൽപനയും ഓർത്തുകൊള്ളേണമെന്നു ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു (2പത്രൊ. 3:1). അടിസ്ഥാന ഉപദേശങ്ങളെ അവഗണിക്കുന്ന ഇടവകകൾ ദൈവത്തെ മറക്കുവാൻ തന്നെ ഇടായാകും. യിരെമ്യാവ് പറയുന്നതു: "എന്റെ ജനം എണ്ണമില്ലാത്ത നാളായി എന്നെ മറന്നിരിക്കുന്നു" (യിരെമ്യാവ് 2:32).

ദൈവവചനം പൂർണ്ണമായി ധൈര്യസമേതം നാം എല്ലാവരോടും പ്രസ്താവിക്കണം. പറഞ്ഞതു തന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കണം എന്നല്ല പരിജ്ഞാന പൂർത്തിക്കായി ദൈവത്തിന്റെ ആജ്ഞകളും ഉപദേശങ്ങളും നാം ഒട്ടും മറച്ചുവെക്കരുതു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല; ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു. എന്നാണ്

കർത്താവ് അരുളിചെയ്തതു (മത്തായി 4:4). മൂപ്പന്മാരെ നിങ്ങൾക്കു കീഴിലുള്ള അംഗങ്ങളെ അടിസ്ഥാനോപദേശങ്ങളും അതോടൊപ്പം മറ്റു കാര്യങ്ങളും പഠിപ്പിക്കുവാൻ ഓരോ ഉപദേഷ്ടാവിനേയും ഉത്തേജിപ്പിക്കുക. ഉപദേഷ്ടാക്കന്മാരേ, നിങ്ങൾ ദൈവത്തിന്റെ ആദ്യപാഠങ്ങൾ ഉപദേശിക്കാൻ വിട്ടുപോകരുത്. എല്ലാ അംഗങ്ങളും കർത്താവിന്റെ ഉപദേശങ്ങൾ ഒന്നൊഴിയാതെ പ്രബോധിപ്പിക്കുവാൻ വേണ്ട ധൈര്യം ആർജ്ജിച്ചെടുക്കുക. സഹോദരന്മാരേ നിങ്ങൾ ഈ ഉപദേശങ്ങൾ ഒന്നും മറന്നു പോകാതെ ഹൃദയത്തിൽ സൂക്ഷിക്കുക. ജീവിതത്തിൽ അതു മറ്റുള്ളവർക്കു പകർന്നുകൊടുക്കുക.

## പെന്തെകൊസ്തുകാർ എന്നാൽ എന്ത്?

ബൈബിൾ പഠിക്കുന്ന ഏതൊരാൾക്കും പെന്തെകൊസ്തു എന്ന വാക്ക് സുപരിചിതമായിരിക്കും. അപ്പോസ്തലപ്രവൃത്തി 2-ാം അദ്ധ്യായത്തിൽ നാം പെന്തെകൊസ്തു നാളിനെ കുറിച്ച് വായിക്കുന്നുണ്ട്. മോശയുടെ ന്യായപ്രമാണത്തിൻ കീഴുള്ള യഹൂദന്മാർ ആഘോഷിച്ചിരുന്ന ഒരു ഉത്സവമായിരുന്നു അതു. ക്രിസ്തുവിന്റെ പ്രമാണത്തിൻ കീഴുള്ള ക്രിസ്ത്യാനികൾ ആചരിക്കേണ്ട ഉത്സവമോ ആഘോഷമോ അല്ല പെന്തെക്കൊസ്തു.

ഈ ദിവസം അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിനെ പകരുകയും ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും കർത്താവിന്റെ സഭ സ്ഥാപിതമാകയും ചെയ്തു എന്നതാണ് ക്രിസ്ത്യാനികൾക്കു പെന്തക്കൊസ്തു നാളിനുള്ള പ്രാധാന്യം. ദൈവം അതിനായി ആ ദിവസത്തെ തെരെഞ്ഞെടുത്തു എന്നതു വാസ്തവമാണ്. അതിന് അപ്പൊസ്തലന്മാർ പെന്തക്കൊസ്തുകാർ ആയിതീർന്നു എന്നർത്ഥം വരുന്നില്ല. അല്ലെങ്കിൽ ആ ദിവസം സുവിശേഷം അനുസരിച്ചവർക്കു പരിശുദ്ധാത്മശക്തി ലഭിക്കുമെന്നോ, അതുകൊണ്ട് അവർ പെന്തക്കോസ്തുകാർ എന്ന് അറിയപ്പെടുമെന്നോ വരുന്നില്ല. അതുമല്ലെങ്കിൽ അന്ന് സഭ ആരംഭിച്ചതുകൊണ്ട് പെന്തെക്കൊസ്തു സഭ എന്നു

# *Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

വിളിക്കാവുന്നതുമല്ല. ഈ അവസരത്തിൽ അങ്ങനെ യാതൊരു സൂച നയും വചനത്തിൽ ഇല്ല. അഥവാ കർത്താവിന്റെ ജനം വർഷ ങ്ങൾക്കു ശേഷം പെന്തക്കൊസ്തുകാർ എന്ന് അറിയപ്പെടും എന്നും നിർദ്ദേശിച്ചിട്ടില്ല.

എങ്കിൽ പിന്നെ ഈ സംഭവങ്ങൾ നടക്കേണ്ടതിനു ദൈവം എന്തി നാണ് പെന്തെകൊസ്തുനാൾ തന്നെ തെരഞ്ഞെടുത്തതു? യെഹൂ ദന്മാരുടെ മതപരമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യമുള്ള പട്ടണ മായിരുന്നു യെരുശലേം. ഈ മഹാ നഗരത്തിൽ വെച്ചാണ് യേശു ക്രൂശിൽ തറയ്ക്കപ്പെട്ടതും ഉയർത്തെഴുന്നേറ്റതും സ്വർഗ്ഗാരോഹണം ചെയ്യപ്പെട്ടതും. ലോകം മുഴുവനും ഉള്ള യെഹൂദന്മാരെ പെന്തെ കൊസ്തു പെരുന്നാൾ യെരുശലേമിലേക്കു ആകർഷിച്ചിരുന്നു. യെഹൂദന്മാരുടെ വാർഷിക ഉൽസവമായിരുന്നു അതു. സുവിശേഷം പ്രസംഗിക്കുവാനും പരിവർത്തനങ്ങൾ സൃഷ്ടിക്കുവാനും തൽഫ ലമായി അവർ താന്താങ്ങളുടെ സ്വദേശങ്ങളിൽ മടങ്ങിപോയി ഒരു ക്കമുള്ളവരും പുതിയ നിയമാനുസാരികളും ആകുവാൻ പറ്റിയ ദിവ സമായിരുന്നു അതു. ലേകം മുഴുവൻ തന്റെ സുവിശേഷം വ്യാപി ക്കാൻ കർത്താവ് കണ്ടെത്തിയ ദിവസമായിരുന്നു അതു. യാദൃശ്ചി കമായ ഒന്നായിരുന്നില്ല അതു. മുൻനിർണ്ണയിച്ച ദൈവിക പദ്ധതി യുടെ നടത്തിപ്പായിരുന്നു അതു.

അപ്പോസ്തലന്മാരെ കർത്താവ് പരിശീലിപ്പിച്ച് ഈ അവസര ത്തിനായി അവരെ ഒരുക്കുകയും ചെയ്തിരുന്നു. എന്നാലും അവർ മനുഷ്യരാകയാൽ അവരെ ശരിയായി നയിക്കേണ്ടിയിരുന്നു. കാരണം ശാരീരികമായി യേശു അവരിൽ നിന്നും വിട്ടുപോയിരുന്നു. അതു കൊണ്ടു അവൻ പോകുന്നതിനു മുമ്പു തന്നെ, അവരെ സകല സത്യത്തിലും വഴിനടത്തുവാനും താൻ അവരെ ഉപദേശിച്ചതൊ ക്കെയും ഓർപ്പിക്കേണ്ടതിനും പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അവരിൽ അയക്കും എന്നു കർത്താവ് വാഗ്ദാനം ചെയ്തിരുന്നു. അങ്ങനെ അവർ തങ്ങളുടെ സ്വന്തഭാഷയിൽ സംസാരിക്കുന്നതു മറ്റുള്ളവർക്കു അവരുടെ ഭാഷകളിൽ മനസിലാകത്തക്ക ശക്തി അപ്പോസ്തലന്മാർക്കു ലഭിച്ചു. അതാണ് അന്യഭാഷ (യോഹന്നാൻ 14:26).

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378